## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1431 08.02.2013 - ൽ മറുപടിക്ക്**

## <u>മധുര - കോട്ടയം - ചേർത്തല ടൂറിസം ഹൈവേ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ് :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) മധുര - കോട്ടയം - ചേർത്തല ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് ജോലികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;<br>(ബി) പ്രസ്തുത ഹൈവേയുടെ സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;<br>(സി) എങ്കിൽ ഇത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;<br>(ഡി) ഹൈവേ കടന്നുപോകുന്ന പ്രദേശത്തെക്കുറിച്ച് പരിസ്ഥിതി ആഘാത പഠനം നടന്നിട്ടുണ്ടോ ; എങ്കിൽ പഠന റിപ്പോർട്ട് ഹാജരാക്കുമോ ;<br>(ഇ) ഏതു കമ്പനിയാണ് പ്രസ്തുത വർക്ക് ഏറ്റെടുത്തിരിക്കുന്നത് ;<br>(എഫ്) ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ അനിശ്ചിതത്വത്തിലായതു കാരണം സ്ഥലമെടുപ്പ് നടപടികൾക്ക് വിധേയരായ ജനങ്ങളുടെ വസ്തു വകകൾ ക്രയവിക്രയം ചെയ്യാനോ മാറ്റം വരുത്താനോ സാധിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുമോ ? | (എ), (ബി), (സി), (ഡി), (ഇ) & (എഫ്) കോട്ടയം - ചേർത്തല ടൂറിസ്റ്റ് ഹൈവേയാണ് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുള്ളത്. പ്രസ്തുത ഹൈവേയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എൽ ആന്റ് റ്റി റാംബോൾ എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. ടി കമ്പനി തന്നെ പരിസ്ഥിതി ആഘാതപഠനവും നടത്തുന്നതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഭരണാനുമതി ലഭിച്ചതിന് ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.